**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ വടക്കൻ പറവൂർ നഗരസഭ ഉടമസ്ഥതയിലുള്ള സ്ഥലവും സെന്റ് ജോസഫ് കൊത്തലിങ്കോ പള്ളിയുടെ സ്ഥലവും പരസ്പരം കൈമാറുന്നതിന് അനുമതി നൽകിയത് - സർവ്വെ നമ്പർ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1682/18/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 21.06.2018.

---

പരാമർശം :- 1) 12.02.2004 ലെ സ.ഉ.(സാധാ) നം. 620/04/ത.സ്വ.ഭ.വ

2) വടക്കൻ പറവൂർ നഗരസഭ സെക്രട്ടറിയുടെ 07.11.2017 ലെ പിഡബ്ല്യു2-8683/15-ാം നമ്പർ കത്ത്

3) നഗരകാര്യ ഡയറക്ടറുടെ 04.12.2017 ലെ ജി3-33790/2017 നമ്പർ കത്ത്

4) ജില്ലാ കളക്ടറുടെ (എറണാകുളം) 22.05.2018 ലെ 2905/2018/L7 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ വടക്കൻ പറവൂർ നഗരസഭ വക 11.20 സെന്റ് സ്ഥലവും പറവൂർ കൊത്തലിങ്കോ പള്ളി വക 16.20 സെന്റ് സ്ഥലം പരസ്പരം കൈമാറുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. കൊത്തലിങ്കോ പള്ളിക്ക് ലഭിച്ച വസ്തുവിൽ സെമിത്തേരി പണിയുന്ന ആവശ്യത്തിലേയ്ക്കായി വില്ലേജ് റിക്കോർഡിൽ മാറ്റം വരുത്തുന്നതിനായി സ്ഥലം പരിശോധിച്ചപ്പോൾ സർവ്വെ നമ്പർ മാറിയതായി കണ്ടെത്തുകയും ആയതിനാൽ പരാമർശ ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ള 365/2-1 എന്ന സർവ്വെ നമ്പറിന് പകരം 365/3-4 എന്നാക്കി ഭേദഗതി ഉത്തരവ് ആവശ്യമാണെന്ന് പരാമർശം (2) പ്രകാരം പറവൂർ നഗരസഭ സെക്രട്ടറിയും നഗരകാര്യ ഡയറക്ടറും ശുപാർശ ചെയ്തിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് പരാമർശം (4) പ്രകാരം ജില്ലാ കളക്ടർ പരിശോധന നടത്തി ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പറവൂർ നഗരസഭ സെക്രട്ടറിയുടെയും നഗരകാര്യ ഡയറക്ടറുടെയും എറണാകുളം ജില്ല കളക്ടറുടെയും ശുപാർശ കണക്കിലെടുത്ത് പരാമർശം (1) ഉത്തരവിൽ നഗരസഭ വക സ്ഥലത്തിന് രേഖപ്പെടുത്തിയിരുന്ന സർവ്വെ നമ്പർ 365/2-1 എന്നത് 365/3-4 ഭേദഗതി ചെയ്ത് ഉത്തരവാകുന്നു. പരാമർശം (1) ഉത്തരവ് ടി ഭേദഗതിയോടെ നിലനില്ക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
ഡെപ്യൂട്ടി സെക്രട്ടറി

ജില്ലാ ,കളക്ടർ, എറണാകുളം
സെക്രട്ടറി, വടക്കൻ പറവൂർ നഗരസഭ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ